പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 776 — 12.06.2013 ൽ മറുപടിയ്ക്ക്

ഡാമുകളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/ റഗുലേറ്ററുകൾ ഉൾപ്പെടെ 19 പദ്ധതികളെ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തിരഞ്ഞെടുത്ത അണക്കെട്ടുകളുടെയും അവയുടെ അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കൂടാതെ അണക്കെട്ടു സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും അണക്കെട്ടുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഡ്രിപ്പ് വിഭാവനം ചെയ്യുന്നുണ്ട്. 18.04.2012-ൽ ഈ പദ്ധതി നിലവിൽ വന്നു. ആറു വർഷമാണ് പദ്ധതിയുടെ കാലയളവ്. |
| (ബി) ചേലക്കര മണ്ഡലത്തിലെ അസുരൻകുണ്ട് ഡാമിലെ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) സംസ്ഥാനത്ത് സംരക്ഷണ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഡാമുകളുടെ പട്ടികയിൽ അസുരൻകുണ്ട് ഡാമിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് സംരക്ഷണ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഡാമുകളുടെ പട്ടികയിൽ അസുരൻകുണ്ട് ഡാമിനെ ഉൾപ്പെടുത്തിയിട്ടില്ല. ജലസേചനവകുപ്പിന്റെ അണക്കെട്ടു സുരക്ഷാ വിഭാഗത്തിന്റെ പരിധിയിലും നിരീക്ഷണത്തിലും വരുന്ന അണക്കെട്ടുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) ജലസേചനത്തിനും കുടിവെള്ള സ്രോതസ്സുകൾക്കും വളരെ പ്രയോജനം ചെയ്യുന്ന ഈ ഡാമിന്റെ സംരക്ഷണപ്പണികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഡാമിന്റെ സംരക്ഷണപ്പണികൾ പ്രോജക്ട് മെയിന്റനൻസിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് വെച്ച് പുരോഗതിയിലാണ്. |

**സെക്ഷൻ ഓഫീസർ**